## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 414** — **02-02-2023 - ൽ മറുപടിയ്ക്ക്**

### ധനകാര്യവകുപ്പിലെ താൽക്കാലിക, കരാർ നിയമനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യവകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും എത്ര താല്കാലിക, കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ജൂനിയർ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ഇൻഫർമേഷൻ സിസ്റ്റംസ് ഡയറക്ടർ, ചീഫ് ടെക്നിക്കൽ എക്സാമിനർ, ടെക്നിക്കൽ എക്സാമിനർ, ടെക്നിക്കൽ സപ്പോർട്ട് സ്റ്റാഫ്, പ്രോഗ്രാമർ, മാർക്കറ്റിംഗ് എക്സിക്യൂട്ടീവ്, പ്യൂൺ, ഇലക്ട്രീഷ്യൻ, ഐ.റ്റി.സപ്പോർട്ട് സ്റ്റാഫ്, പ്രോജക്ട് മാനേജർ ക്രെഡിറ്റ്/അക്കൗണ്ട്സ് എക്സിക്യൂട്ടീവ്, ടൈപ്പിസ്റ്റ്, ഗാർഡനർ, ഇലക്ട്രീഷ്യൻ, ഡ്രൈവർ, പാർട്ട് ടൈം സ്വീപ്പർ, ഐ.റ്റി. അസിസ്റ്റന്റ് മുതലായ തസ്തികകളിലായി 85 ജീവനക്കാരെ താൽക്കാലിക/ കരാർ/ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമനങ്ങൾക്കുള്ള വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഡിസംബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത നിയമനങ്ങൾക്കുള്ള വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഡിസംബർ മാസം 21,26,511/-രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തിയാറായിരത്തി അഞ്ഞൂറ്റി പതിനൊന്ന് രൂപ മാത്രം) അനുവദിച്ച് നൽകിയിരുന്നു. |
| (സി) | ഇതിൽ എംപ്ലോയമെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്ര; മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗം എന്ത്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയത്; നിയമനങ്ങൾ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസി ആക്റ്റിന് അനുസൃതമായാണോ നടപ്പാക്കിയിട്ടുള്ളത് എന്നിവ വ്യക്തമാക്കുമോ? | (സി) | മേൽ പറഞ്ഞ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ അല്ല. വകുപ്പ്/ കോർപ്പറേഷൻ നേരിട്ടും, സർക്കാർ ഉത്തരവ് പ്രകാരം നിയമിച്ച കമ്മിറ്റിയുടെ നിർദ്ദേശാനുസരണം പത്രപരസ്യം നൽകി ഇതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകളെ യോഗ്യതയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് എഴുത്തു പരീക്ഷ നടത്തി അതിൽ നിശ്ചിത മാർക്ക് ലഭ്യമായവരെ |

| | | | |
|---|---|---|---|
| | | | കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള അഭിമുഖത്തിന്റെ അടിസ്ഥാനത്തിലുമാണ് നിയമനം നടത്തിയത്. |

സെക്ഷൻ ഓഫീസർ